# പതിമൂന്നാം കേരള നിയമസഭ

**ഒൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ . 3269** — **24.06.2013- ലെ മറുപടിക്ക്**

## ഇന്നവേഷൻ കൗൺസിൽ രൂപീകരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. ശിവദാസൻ നായർ:<br>ശ്രീ. എ. റ്റി. ജോർജ്ജ്:<br>ശ്രീ. പി.എ. മാധവൻ:<br>ശ്രീ. സണ്ണി ജോസഫ്: | | **ശ്രീ. ഉമ്മൻ ചാണ്ടി**<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് ഇന്നവേഷൻ കൗൺസിൽ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ; | (എ) | ഉണ്ട്. ദേശീയ ഇന്നവേഷൻ കൗൺസിലിന്റെ മാതൃകയിൽ സംസ്ഥാന ഇന്നവേഷൻ കൗൺസിലിന്റെ രൂപീകരണത്തിനാവശ്യമായ പ്രാഥമിക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൗൺസിലിന്റെ രൂപീകരണം സംബന്ധിച്ചും പ്രവർത്തനം സംബന്ധിച്ചുമുള്ള നിർദ്ദേശങ്ങൾ പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. |
| (ബി) കൗൺസിലിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | സംസ്ഥാന ഇന്നവേഷൻ കൗൺസിലിന്റെ ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.<br><br>1. നവീനമായ ആശയങ്ങൾ വളർത്തിയെടുക്കുവാൻ സംസ്ഥാന സർക്കാരിനെ സഹായിക്കുക<br>2. യുവപ്രതിഭകളുടെ കഴിവുകൾ വികസിപ്പിച്ചെടുക്കുന്നതിനും പ്രാദേശികതലത്തിൽ കോളേജുകളും, യൂണിവേഴ്സിറ്റികളും സ്ഥാപിക്കുന്നതിനും, ഇടത്തരം ചെറുകിട വ്യവസായങ്ങളും, ഗവേഷണ വികസന സ്ഥാപനങ്ങളും ആരംഭിക്കുന്നതിന് വേണ്ട പ്രോൽസാഹനവും നൽകുക.<br><br>3. നൂതന ആശയങ്ങളെ സംസ്ഥാനത്ത് നിലവിലുള്ള അവസരങ്ങളുമായി അനുബന്ധിപ്പിക്കുക<br><br>4. നവീന ആശയങ്ങളും, സംരംഭങ്ങളും കണ്ടെത്തി അവ ആവിഷ്ക്കരിച്ചവർക്ക് അർഹമായ പാരിതോഷികങ്ങൾ നൽകുകയും, അതു സംബന്ധിച്ച വിജയ ചരിത്രം പ്രചരിപ്പിക്കുകയും ചെയ്യുക. |

5. നൂതന ആശയങ്ങൾക്കായി സെമിനാറുകൾ, പ്രഭാഷണങ്ങൾ, പരിശീലന കളരികൾ എന്നിവ സംഘടിപ്പിക്കുകയും പഠനത്തിനായി സ്റ്റേറ്റ് ഇന്നവേഷൻ പോർട്ടൽ സൃഷ്ടിക്കുകയും ചെയ്യുക.

6. നൂതനമായ ആവാസ വ്യവസ്ഥ സൃഷ്ടിക്കുവാൻ വേണ്ട സഹായം ചെയ്യുക.

7. അടുത്ത 10 വർഷ കാലയളവിലേയ്ക്ക് സംസ്ഥാനത്ത് നടപ്പിലാക്കാവുന്ന നൂതന ആശയങ്ങൾ സംബന്ധിച്ചും, സംരംഭങ്ങൾ സംബന്ധിച്ചുമുള്ള മാർഗ്ഗരേഖ തയ്യാറാക്കുകയും, അതിലേയ്ക്കായി കരുതൽ മൂലധനം സംഘടിപ്പിക്കുകയും ചെയ്യുക.

| | | | |
|---|---|---|---|
| (സി) | ഏതെല്ലാം വിഭാഗത്തിലുള്ള ആൾക്കാരെയാണ് കൗൺസിലിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത് വിശദമാക്കുമോ; | (സി) | പ്രസ്തുത കൗൺസിലിലേയ്ക്ക് ഉന്നത സർക്കാർ ഉദ്യോഗസ്ഥരേയും വ്യവസായ പ്രമുഖരേയും കൂടാതെ വിവിധ മേഖലകളിൽ പ്രാഗൽഭ്യം തെളിയിച്ചിട്ടുള്ളവരെയും പ്രശസ്തി നേടിയിട്ടുള്ളവരെയും ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഉത്പാദനം, വിദ്യാഭ്യാസം, വിവര-സാങ്കേതികം, ടൂറിസം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ നിന്നുള്ള പ്രമുഖരെയാണ് ഈ കൗൺസിലിൽ ഉൾപ്പെടുത്തുന്നത്. ചീഫ് സെക്രട്ടറിയുടെ മേൽനോട്ടത്തിലും കെ.എസ്.ഐ.ഡി.സി മാനേജിങ് ഡയറക്ടർ മെമ്പർ കോ-ഓർഡിനേറ്ററായും ഈ കൗൺസിൽ പ്രവർത്തിക്കുവാനാണ് തല്ക്കാലം ഉദ്ദേശിക്കുന്നത്. |
| (ഡി) | വിവിധ രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച വിദഗ്ദരെ ഇതിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; | (ഡി) | വിവിധ മേഖലകളിൽ പ്രാഗൽഭ്യം തെളിയിച്ചിട്ടുള്ളവരെയും പ്രശസ്തിനേടിയിട്ടുള്ളവരെയും ഈ കൗൺസിലിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട് |
| (ഇ) | കൗൺസിലിന്റെ രൂപീകരണത്തിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഇ) | കൗൺസിലിന്റെ രൂപീകരണത്തിനാവശ്യമായ പ്രാഥമിക നടപടികൾ സ്വീകരിച്ചിട്ടുണ്ട് കൗൺസിലിന്റെ രൂപീകരണം സംബന്ധിച്ചും പ്രവർത്തനം സംബന്ധിച്ചുമുള്ള നിർദ്ദേശങ്ങൾ പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. |

**സെക്ഷൻ ഓഫീസർ**